# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *16** **28/10/2019-ൽ മറുപടിയ്ക്ക്**

# ബാലനിധിയിൽ നിന്നുള്ള സഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ടി.എ. റഹീം<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.പി. ഉണ്ണി<br>,, മുരളി പെരുനെല്ലി | കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| (എ) കേരളത്തെ ബാലസൗഹൃദ സംസ്ഥാനമാക്കുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) കേരളത്തെ ബാലസൗഹൃദ സംസ്ഥാനമാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.<br>1 **ശരണബാല്യം പദ്ധതി**<br>ബാലവേലയിൽ ഏർപ്പെടുന്ന കുട്ടികൾ, തെരുവിൽ അലയുന്ന കുട്ടികൾ, ഭിക്ഷ യാചിക്കുന്ന കുട്ടികൾ എന്നിവരെ കണ്ടെത്തി അവർക്ക് സംരക്ഷണം നൽകുന്നതിനായി വനിത ശിശു വികസന വകുപ്പ് നടപ്പിലാക്കിയ പദ്ധതിയാണ് ശരണ ബാല്യം പദ്ധതി.<br>2. **കാവൽ പദ്ധതി**<br>നിയമവുമായി പൊരുത്തപ്പെടാനാകാത്ത കുട്ടികളെ ബാംഗ്ലൂർ ആസ്ഥാനമായ നിംഹാൻസിന്റെ സാങ്കേതിക സഹായത്തോടെ മന:ശാസ്ത്രപരമായ പരിരക്ഷയും പിൻതുണയും നൽകി സ്വഭാവ പരിവർത്തനം സാധ്യമാക്കി ശരിയായ സാമൂഹ്യ ജീവിതം നയിക്കുവാൻ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ കാവൽ പദ്ധതി നടപ്പിലാക്കി വരുന്നു.<br>3. **കരുതൽ സ്പർശം**<br>കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ കുടുംബങ്ങളിൽ നിന്ന് തന്നെ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ആയവ തടയുന്നതിനും രക്ഷാകർതൃ ബോധവൽക്കരണത്തിനുമായി നടപ്പ് സാമ്പത്തിക വർഷം കരുതൽ സ്പർശം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി 2019 ജൂൺ 1 ഗ്ലോബൽ പേരന്റിംഗ് ഡെ മുതൽ |

2019 നവംബർ 14 ശിശുദിനം വരെ മെഗാ ക്യാമ്പയിനുകൾ, വൾണറബിളിറ്റി സർവ്വേ എന്നിവ സംഘടിപ്പിച്ചു വരുന്നു.

4.**<u>ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ORC)</u>**

ഈ പദ്ധതി മുഖേന സംസ്ഥാനത്തെ സ്കൂളുകളിലെ കുട്ടികൾക്ക് ജീവിത നൈപുണ്യ വിദ്യാഭ്യാസം നൽകി വരുന്നു.

| | |
|---|---|
| (ബി) സംസ്ഥാനത്തെ വിവിധ ക്ഷേമസ്ഥാപനങ്ങളിൽ കഴിയുന്ന കുട്ടികൾക്ക് മികച്ച രീതിയിൽ പുനരധിവാസം സാധ്യമാക്കുന്നതിന് തുക അനുവദിക്കുന്നതിനായി ബാലനിധി എന്ന പേരിൽ നിധി രൂപീകരിച്ചിട്ടുണ്ടോ; | (ബി) സമൂഹത്തിൽ ഏറ്റവും കൂടുതൽ വിഷമതകൾ അനുഭവിക്കുന്ന 18 വയസ്സിന് താഴെയുള്ള കുട്ടികളുടെ സുരക്ഷയ്ക്കും ക്ഷേമത്തിനും പുനരധിവാസത്തിനും വേണ്ടി ധനസഹായം നൽകുന്നതിനായി ബാലനിധി രൂപീകരിച്ചിട്ടുണ്ട്. |
| (സി) ഇത്തരം ക്ഷേമസ്ഥാപനങ്ങളിൽ കഴിയുന്ന കുട്ടികളുടെ പാഠ്യേതര പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പി-ക്കുന്നതിനും അവർക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ബാലനിധിയിൽ നിന്നും നൽകിവരുന്ന ധനസഹായങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (സി) & (ഡി) ശിശുക്ഷേമ സ്ഥാപനങ്ങളിലെ കുട്ടികളുടെ പാഠ്യേതര പ്രവർത്തനങ്ങൾ പ്രോത്സാ-ഹിപ്പിക്കുന്നതിനും, അവർക്കായി നൂതന പദ്ധതികൾ അനുവദിക്കുന്നതിനും ബാല-നിധിയിൽ നിന്നും ധനസഹായം അനുവ-ദിക്കുന്നതാണ്.കുട്ടികൾക്കെതിരെയുള്ള അ-തിക്രമങ്ങൾ അവരുടെ അവകാശങ്ങൾ എന്നിവ സംബന്ധിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾക്കായി ബാലനിധിയിൽ നിന്നും പണം ചെലവിടാം. കൂടാതെ കുട്ടികൾക്കുള്ള ചികിത്സ ആവശ്യങ്ങൾക്കും ബാലനിധിയിൽ നിന്നും പണം ചിലവഴിക്കാറുണ്ട് . |
| (ഡി) കുട്ടികൾക്കെതിരെയുള്ള അതിക്ര-മങ്ങൾ, അവരുടെ അവകാശങ്ങൾ എന്നിവ സംബന്ധിച്ച് അവബോധം നൽകുന്നതിന് ബാലനിധിയിൽ നിന്നും സഹായം നൽകുന്നുണ്ടോ, വിശദാംശം നൽകുമോ? | |

**സെക്ഷൻ ഓഫീസർ**